Draft #1 of File 48930/AC A6-3/2023/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-May-2023 05:01 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

അക്കാദമികം - എയ്ഡഡ് കോളേജുകളിൽ പ്രവർത്തിക്കുന്ന സെൽഫ് ഫിനാൻസിംഗ് പിജി ഡിപാർട്ടുമെന്റുകളെ ഗവേഷണ വിഭാഗങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 5046/AC A 6/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.05.2023

---

*പരാമർശം:*-10.04.2023 ലെ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നമ്പർ 112/23.02/230004

**<u>ഉത്തരവ്</u>**

എയ്ഡഡ് കോളേജുകളിൽ പ്രവർത്തിക്കുന്ന സെൽഫ് ഫിനാൻസിംഗ് പിജി ഡിപാർട്ടുമെന്റുകളെ ഗവേഷണ വിഭാഗങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് 10.04.2023 ൽ ചേർന്ന സിൻഡിക്കേറ്റ് മേൽ പരാമർശം പ്രകാരം താഴെ പറയും വിധം തീരുമാനിച്ചു.

**"എയ്ഡഡ് കോളേജുകളിൽ പ്രവർത്തിക്കുന്ന സെൽഫ് ഫിനാൻസിംഗ് പിജി ഡിപാർട്ടുമെന്റുകളെ ഗവേഷണ വിഭാഗങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ**

ഗവേഷണ കേന്ദ്രം അനുവദിക്കുന്നതിന്

1. NAAC A+ ഗ്രേഡോ അതിന് മുകളിലോ ഉള്ളവ ആയിരിക്കണം, അല്ലെങ്കിൽ NIRF Ranking Framework-ൽ 200 നുള്ളിൽ ഉൾപ്പെട്ടവയായിരിക്കണം.

2 . അപേക്ഷിക്കുമ്പോൾ accrediation ഉണ്ടായിരിക്കണം.

**മാനേജർ താഴെ പറയുന്ന affidavit സ്റ്റാമ്പ് പേപ്പറിൽ നൽകേണ്ടതാണ്**

a. ഗൈഡ്ഷിപ് ലഭിച്ച എസ്എഫ് അധ്യാപകർ തുടർന്നുള്ള 5 മുതൽ 10 വർഷങ്ങളിൽ ഈ കോളേജിൽ തന്നെ ജോലി ചെയ്യുന്നതായിരിക്കും.

b. ഗവേഷക വിദ്യാർത്ഥികൾ നിലനിൽക്കെ മാർഗ്ഗദർശി കോളേജിൽ ജോലി അവസാനിപ്പിച്ചു പോയാൽ, അവശേഷിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 5 ലക്ഷം രൂപ എന്ന ക്രമത്തിൽ കോളേജിൽ നിന്നും ഫൈൻ ഈടാക്കുന്നതായിരിക്കും.

c . ഗവേഷണ വിഭാഗത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും ലഭ്യമാക്കും.

**ഗവേഷണ മാർഗ്ഗദർശികൾക്കുള്ള നിബന്ധനകൾ**

i. കുറഞ്ഞത് 5 വർഷത്തെ ബിരുദാനന്തര ബിരുദ അധ്യാപന പരിചയം ഉണ്ടായിരിക്കണം . അതിൽ കുറഞ്ഞത് 2 വർഷം ഗൈഡ്ഷിപ്പ് ആവശ്യമുള്ള കോളേജിൽ ആയിരിക്കണം.

ii. ജോലി ചെയ്യുന്ന കോളേജിലെ ഗവേഷണ വിഭാഗങ്ങളിൽ മാത്രമായിരിക്കും ഗൈഡ്ഷിപ്പ്

അനുവദിക്കുക.

iii. തുടർന്നുള്ള 5 വർഷങ്ങളിൽ ഇതേ വിഭാഗത്തിൽ ജോലി ചെയ്യുന്നതായിരിക്കും എന്ന സത്യവാങ്മൂലം.

iv. ഗവേഷക വിദ്യാർത്ഥികൾ നിലനിൽക്കെ കോളേജിലെ സേവനം അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാല കൈക്കൊള്ളുന്ന നടപടികൾ സ്വീകരിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം.

മേൽ സൂചിപ്പിച്ച നിബന്ധനകൾ പൂർത്തീകരിക്കുന്ന പക്ഷം properly constituted inspection commission മതിയായ സൗകര്യങ്ങളും ഗവേഷണത്തിനുള്ള അനുബന്ധ സംവിധാനങ്ങളും ഉണ്ടെന്ന് ശുപാർശ ചെയ്യുന്ന പക്ഷം യുജിസി ഗൈഡ് ലൈൻസ് അനുസരിച്ചുള്ള മറ്റ് ചട്ടങ്ങൾ പാലിച്ചുകൊണ്ടും ഗവേഷണ വിഭാഗം അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

ഇത്തരത്തിൽ അഫിലിയേഷൻ നൽകുന്ന റിസേർച്ച് സെന്ററുകളിൽ ഓരോ മൂന്ന് വർഷം കൂടുമ്പോഴും Inspection നടത്തി അഫിലിയേഷൻ renew ചെയ്യേണ്ടതായിരിക്കുമെന്നും തീരുമാനിച്ചു."

.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹേമകല എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർ.
2. വൈസ് ചാൻസലർ / പ്രൊ -വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാറുടെ പി എ
4. എസി.എ II / X / XI /XIII / XIV /XV സെക്ഷനുകൾ
5. എ സി സി 1 സെക്ഷൻ (ATR സഹിതം)
6. റെക്കോർഡ് സെക്ഷൻ /സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 48930/AC A6-3/2023/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-May-2023 05:01 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം